(സി) ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കുമോ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തു ഹൈഡ്രോളജി പ്രോജക്ട് 1996 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ഉപരിതല ഘടകത്തിന് ലോകബാങ്കിൽനിന്നും റീ-ഇംപേ ഴ്സ്മെന്റ് ക്ളെയിം ആയി 131.49 ലക്ഷം രൂപയും ഭൂജല ഘടകത്തിന് 146.98 ലക്ഷം രൂപയും അനുവദിച്ചുകിട്ടിയിട്ടുണ്ട്.

(സി) ഇപ്പോൾ നിലവിലുള്ള ഗേജിംഗ് സംവിധാനങ്ങൾ ശാസ്ത്രീയ മായ രീതിയിൽ വികസിപ്പിക്കുവാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ ഗേജിംഗ് സ്റ്റേഷനുകളിൽനിന്നും ശേഖരിക്കുന്ന ജലസാമ്പിളു കൾ പരിശോധിക്കുവാൻവേണ്ടി ലവൽ ലബോറട്ടറികൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള അടിസ്ഥാന വിവരങ്ങളുടെ ശേഖരണങ്ങൾ കമ്പ്യൂട്ടറുകളിൽ സൂക്ഷിക്കുവാനും പ്രസ്തുത വിവരങ്ങൾ ഭാവി പഠന ങ്ങൾക്കും ഗവേഷണത്തിനും ഡാറ്റാ യൂസേഴ്സ് ഗ്രൂപ്പിനും ലഭ്യമാക്കാവുന്ന തുമാണ്. ഈ പദ്ധതികൊണ്ട് ഭാവിയിൽ സംസ്ഥാന ജലവിഭവശേഷിയെക്കു റിച്ചുള്ള പഠനം ശക്തിപ്പെടുത്താവുന്നതാണ്.

23 (*113) തൊഴിൽനിയമങ്ങൾ

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തൊഴിൽനിയമങ്ങൾ കാലോചിതമായി പരി ഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേക്കായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു;

(സി) യുവജന സംഘടനകളുടേയും തൊഴിലാളി സംഘടനകളു ടേയും പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റിയെ ഇതിലേക്കു നിയമിക്കുന്ന കാര്യം ആലോചിക്കുമോ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) 1947-ലെ വ്യവസായതർക്ക നിയമം, 1960 ലെ കേരള കടകളും, വാണിജ്യ സ്ഥാപനങ്ങളും നിയമം, തോട്ടം തൊഴിലാളി നിയമം എന്നിവയിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യാനുള്ള നിർദ്ദേശങ്ങൾ സജീവമായി സർക്കാർ പരിഗണിച്ചുവരുന്നു. അതുപോലെ ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് ട്രേഡ് യൂണിയനുകളുടെ അംഗീകാരം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാരിന് ഉദ്ദേശമുണ്ട്. മേൽപ്പറഞ്ഞ ഭേദഗതികൾക്കുപുറമേ സംസ്ഥാനത്ത് സമ്പൂർണ്ണമായി ബാല വേല നിർമ്മാർജ്ജനം ചെയ്യാനുതകുന്ന ഒരു പുതിയ നിയമനിർമ്മാണം നടത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല. തൊഴിൽമേഖലയിൽ സമ്പൂർണ്ണമായ മാറ്റങ്ങൾക്ക് ഉതകുന്ന നിയമഭേദഗതികൾ കൊണ്ടുവരുമ്പോൾ തൊഴിലാളി തൊഴിലുടമാപ്രതിനിധികളുടെ അഭിപ്രായംകൂടി സർക്കാർ പരിഗണിക്കാറുണ്ട്. ബന്ധപ്പെട്ട തൊഴിൽമേഖലയിലെ തൊഴിലുടമാപ്രതിനിധികൾക്കുപുറമേ കേന്ദ്ര ട്രേഡ് യൂണിയൻ പ്രതിനിധികളുടെ അഭിപ്രായം കൂടി ഇക്കാര്യത്തിൽ സർക്കാർ പരിഗണിക്കാറുണ്ട്.

24 (*114) ട്രോളിംഗ് നിരോധനം സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട്

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠനം നടത്താൻ ഡോ. എൻ. ബാലകൃഷ്ണൻ നായർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കാലയളവ് എത്രയാണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ സഹകരണം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നില്ലെന്നും കമ്മിറ്റി തുടരേണ്ട ആവശ്യമില്ലെന്നും ഡോക്ടർ ബാലകൃഷ്ണൻ നായർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്. 1999 ജൂൺ മാസം 15-ാം തീയതി മുതൽ ജൂലൈമാസം 29-ാം തീയതിവരെയുള്ള 45 ദിവസത്തേക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ 10 വർഷത്തെ മൺസൂൺ ട്രോളിംഗ് നിരോധനത്തിന്റെ ഫലം ശാസ്ത്രീയമായി പഠിച്ച് വിലയിരുത്തുക; സമുദ്രമത്സ്യവിഭവ സംരക്ഷണം, വിനിയോഗം, പരിപാലനം എന്നിവയെ സംബന്ധിച്ച് പഠിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുക എന്നിവയാണ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ്. റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിരുന്ന 6 മാസക്കാലയളവ് 8.12.98-ൽ അവസാനിച്ചു. കാലാവധി വീണ്ടും 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly